# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 15/826/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 15/826/2022 തീയ്യതി: 03/06/2022

## മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-11-2019 മുതൽ 20-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-03-2022 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-03-2022 | 31-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ്.പി. ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ്സലിം, അസി.ഓഡിറ്റ് ഓഫീസർ,

ശ്രീ.മൂസ.ഇ. അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. മൊയ്തീൻ ഫാസിൽ.കെ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അബ്ദുസലാം.സി. | പ്രസിഡന്റ് | 01-04-2019 | 12-01-2020 |
| ശ്രീ.അബ്ദുൽ റഫീക്ക്.എം. | പ്രസിഡന്റ് | 13-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ജയൻ | സെക്രട്ടറി | 01-04-2019 | 09-12-2019 |
| ശ്രീ.പി.എ.മുഹമ്മദ് ഹാഷിം | സെക്രട്ടറി | 10-12-2019 | 31-03-2020 |
| ശ്രീ.സി.പി.പ്രശാന്ത് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.സുധർമ്മ.വി.പി. | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.ഹരീഷ് ബാബു. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.ദിവ്യ മോഹൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ആമിന.ബി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ആരുണി.പി.എസ്. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ജേക്കബ് ജേഴ്സൺ.എം. | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീ.അജിതകുമാർ.സി.കെ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.സജില | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |

.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Moideen Fazil .K (Auditor, On 28-03-2022)<br>Last Updated By: Moideen Fazil .K (Auditor, On 28-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Muhammed Saleem T (Asst. Audit Officer, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 19-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Muhammed Saleem T (Asst. Audit Officer, On 28-03-2022)<br>Last Updated By: Muhammed Saleem T (Asst. Audit Officer, On 28-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Moideen Fazil .K (Auditor, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 19-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Moideen Fazil .K (Auditor, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 19-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: E.Moosa (Asst. Audit Officer, On 30-03-2022)<br>Last Updated By: Prasad (Audit Officer, On 31-03-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Muhammed Saleem T (Asst. Audit Officer, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Moideen Fazil .K (Auditor, On 28-03-2022)<br>Last Updated By: Prasad (Audit Officer, On 28-03-2022) | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം<br>Written By: Prasad (Audit Officer, On 28-03-2022)<br>Last Updated By: Prasad (Audit Officer, On 28-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Muhammed Saleem T (Asst. Audit Officer, On 28-03-2022)<br>Last Updated By: Muhammed Saleem T (Asst. Audit Officer, On 28-03-2022) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Muhammed Saleem T (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-11 |
| 12 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ ക്രമീകരിച്ചില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 19-05-2022) | 1-12 |
| 13 | തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്<br>Written By: Moideen Fazil .K (Auditor, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 19-05-2022) | 1-13 |
| 14 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ<br>Written By: Moideen Fazil .K (Auditor, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-14 |
| 15 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കെ.എസ്.ഇ.ബി. എന്നിവക്ക് നൽകിയ നൽകിയ മുൻകൂർ വർഷങ്ങളായി ക്രമീകരിക്കാതെ കിടക്കുന്നു<br>Written By: Muhammed Saleem T (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 1-15 |
| 16 | റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 20-05-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-16 |

| | | |
|---|---|---|
| 17 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-17 |
| 18 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം -കലക്ഷൻ ചാർജ് ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 1-18 |
| 19 | റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 1-19 |
| 20 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 21-05-2022) | 1-20 |
| 21 | അനുപൂരക പോഷകാഹാരം-ജി.എസ്.ടി-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.<br>Written By: Prasad (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-21 |
| 22 | ആദ്യ ഗഡു തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല<br>Written By: Prasad (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-22 |
| 23 | ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Prasad (Audit Officer, On 28-03-2022)<br>Last Updated By: Prasad (Audit Officer, On 28-03-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad (Audit Officer, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad (Audit Officer, On 28-03-2022)<br>Last Updated By: Prasad (Audit Officer, On 28-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം<br>Written By: Prasad (Audit Officer, On 28-03-2022)<br>Last Updated By: Prasad (Audit Officer, On 28-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Prasad (Audit Officer, On 28-03-2022)<br>Last Updated By: Prasad (Audit Officer, On 30-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Prasad (Audit Officer, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Prasad (Audit Officer, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 4-7 |
| 8 | .സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Prasad (Audit Officer, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Prasad (Audit Officer, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prasad (Audit Officer, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Prasad (Audit Officer, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പറും തിയ്യതിയും | തീരുമാന നമ്പറും തിയ്യതിയും (പുതുക്കിയത്) |
|---|---|
| 1/1-13.02.19 | 1/1-11.03.2020 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2020 | 09.06.2020 | -- | -- |

## 1-3 സാമ്പത്തിക വിശകലനം.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 9519846.14 |
| വരവ് | 44646626.00 |
| ആകെ | 54166472.14 |
| ചെലവ് | 46466019.14 |
| നീക്കിയിരിപ്പ് | 7700453.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 11859429 | 11859429 | 9854103 | 2005326 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 1226000 | 1226000 | 602700 | 623300 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഫണ്ട്(റോഡ്) | 00 | 6008000 | 6008000 | 3697528 | 2310472 |
| സംരക്ഷണ ഫണ്ട്(നോൺറോഡ്) | 00 | 3815000 | 3815000 | 1760039 | 2054961 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 00 | 9686388 | 9686388 | 6894217 | 2792171 |
| ബി.ഫണ്ട് | 00 | 12308400 | 12308400 | 12308400 | 00 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 154 | 55608435 | 100 | 34598376 | 00 | 54 | 64.13 |

പൂർത്തീകരിക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 24240 | 590655 | 614895 | 560008 | 54887 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 4886073 | 4886073 | 4886073 | |
| ആകെ | 24240 | 5476728 | 5500968 | 5446081 | 54887 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 00 | 00 |
| കർഷകതൊഴിലാളി വേതനം | 136800 | 37 |
| വിധവ പെൻഷൻ | 4362000 | 1002 |
| വാർദ്ധക്യകാല പെൻഷൻ | 6428100 | 1664 |
| വികലാഗ പെൻഷൻ | 1367100 | 352 |
| വിവാഹ ധനസഹായം | 00 | 00 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 14400 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 21.03.2022 തിയ്യതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 44257/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

1. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2. ഭവന വായ്പ/തിരിച്ചടവ് രജിസ്റ്റർ കാലികമാക്കുന്നില്ല.

3. ജീവനക്കാരുടെ പേരുവിവരം സൂചിപ്പിക്കുന്ന മാസ്റ്റർ ഇൻക്യുബൻസി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.01.2022 | 11/2021 മുതൽ 12/2021വരെ | 13.01.2022 |
| എ.ജി ഓഡിറ്റ് | 04.03.2011 മുതൽ 14.03.2011 വരെ | 2005-06 മുതൽ 2009-10 വരെ | 18.04.2011 |

## 1-11 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിൽ താഴെ പറയുന്ന അപാകതകൾ പൊരുത്തക്കേടുകൾ ഉണ്ട്.

1. NREGS, ക്ഷേമ പെൻഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകൾക്ക് ആധാരമായ റിപ്പോർട്ടുകളുടെ / രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വാർഷിക ധനകാര്യ പത്രിക ഫയലിൽ ലഭ്യമല്ല.

2. ഡിമാന്റ് രജിസ്റ്റർ , വാർഷികക്കണക്ക് എന്നിവയിലെ വസ്തു നികുതി കണക്കുകളിൽ താഴെ പറയുന്ന വ്യത്യാസമുണ്ട്.

| | ഡിമാന്റ് രജിസ്റ്റർ | വാർഷികക്കണക്ക് |
|---|---|---|

| | | |
|---|---|---|
| | പ്രകാരം | പ്രകാരം |
| നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ബാലൻസ് | 279071 | 240158 |
| നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി തൻവർഷ ബാലൻസ് | 70256 | 62402 |

3. വാടക ഡിമാന്റ് രജിസ്റ്റർ ലഭ്യമല്ല.

4.വസ്തു നികുതി, വാടക എന്നിവയിൽ വാർഷിക കണക്കിൽ താഴെ പറയുന്ന പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉണ്ട്.

| ഇനം | ഡിമാന്റ് | പിരിവ് | ഡിമാന്റ് - പിരിവ് | AFS പ്രകാരം ബാക്കി |
|---|---|---|---|---|
| വസ്തു നികുതി- റസിഡൻഷ്യൽ | 2172213 | 2123569 | 48644 | 0 |
| വസ്തു നികുതി-നോൺ റസിഡൻഷ്യൽ | 957266 | 879070 | 78196 | 62402 |
| വാടക | 88800 | 73178 | 15622 | 0 |

5)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6). 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ് )പ്രകാരമുള്ള അനുപാതങ്ങൾ,62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. ബാധ്യതയായി രേഖപ്പെടുത്തിയ ഗ്രാന്റ് ഇനങ്ങൾക്ക് പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതിനാൽ ഷെഡ്യൂൾ ബി4 തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-12 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ ക്രമീകരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ ഇനത്തിൽ മുൻവർഷം ക്രമീകരിക്കാത്ത 32117 രൂപയിൽ 10670 രൂപ തൻവർഷം ക്രമീകരിച്ചത് കഴിച്ച് 21447 രൂപ വർഷാന്ത്യ ബാക്കി ഉണ്ട്. ഈ പണം നൽകിയത് ഏത് നിർവ്വഹണ ഉദ്യോഗസ്ഥനാണ് എന്ന് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വർഷങ്ങളോളമായി ക്രമീകരിക്കാതെ കിടക്കുന്ന ഈ അഡ്വാൻസ് ആർക്കാണ് നൽകിയത് എന്ന് കണ്ടെത്തി ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 3/23.3.22 നൽകി. മറുപടി ലഭ്യമായിട്ടില്ല.)

## 1-13 തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | ജീവനക്കാരുടെ /സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം | ഈടാക്കേണ്ട നികുതി |
|---|---|---|---|
| 1 | സഖിയ.കെ/ജി.എം.എൽ.പി.എസ്.തലക്കടത്തൂർ | രണ്ട് | 450 |
| 2 | ബിജു.കെ.എം. ഗവഐ.ടി.ഐ.ചെറിയമുണ്ടം | രണ്ട് | 1250 |
| ആകെ | | | 1700 |

2.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | എം.ഐ.ടി.എച്ച്.എസ്.എസ്ചെറിയമുണ്ടം | ഒന്ന്,രണ്ട് |
| 2 | ബസ്മല ഇംഗ്ലീഷ് മീഡിയം സ്കൂൾ. ഇരിങ്ങാവൂർ | ഒന്ന്,രണ്ട് |

മേൽ സ്ഥാപനത്തിന്റെയും വ്യക്തികളുടെയും തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി12/25-03-22 ന് മറുപടി ലഭ്യമായിട്ടില്ല.

## 1-14 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ

ലൈസൻസ് ഫീസിന്റെ മാനദണ്ഡം വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ സ്വീകരിച്ച അപേക്ഷകളിൽ മിക്കവയും മൂലധന നിക്ഷേപം രേഖപ്പെടുത്താത്തവയാണ്. ഇത്തരം അപേക്ഷകർക്കും വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിന്മേൽ ഫീസ് നിർണ്ണയിച്ചത് എന്ത് മാനദണ്ഡപ്രകാരമാണ് എന്നത് വ്യക്തമല്ല. പഞ്ചായത്തിലെ ലൈസൻസ് ഫീകളക്ഷൻ രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽലൈസൻസ് ഫീസ് ഈടാക്കുന്നതും പുതുക്കാൻ വൈകിയവരിൽ നിന്ന് ബിലീറ്റഡ് ഫൈൻ ഈടാക്കുന്നതും ഒരു ഏകീകരണ സ്വഭാവമില്ലാതെയാണെന്ന് ശ്രദ്ധയിൽ പെട്ടു.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നമ്പർ | ലൈസൻസീ | ലൈസൻസ് ഫീസ് | ബിലീറ്റഡ് ഫൈൻ |
|---|---|---|---|---|
| 1 | 2081(16-04-19) | അബ്ദുൽ അസീസ് | 500 | 250 |
| 2 | 22349(06-05-19) | മുഹമ്മദ് | 300 | ഈടാക്കിയില്ല |
| 3 | 2320(10-05-19) | ഹാരിസ്.പി.ടി | 300 | 250 |
| 4 | 3497(26-07-19) | ശുഹൈബ് | 500 | 250 |
| 5 | 4035(03-09-19) | ഹംസ | 300 | 200 |
| 6 | 5413(21-11-19) | നാസർ | 300 | 200 |
| 7 | 6242(19-12-19) | അബ്ദുൽ സലാം | 300 | 250 |
| 8 | 6060(12-12-19) | മുഹമ്മദ് ഹനീഫ | 300 | 250 |
| 9 | 5655(29-11-19) | കൃഷ്ണൻ കുട്ടി | 300 | 200 |
| 10 | 5344(16-11-19) | അബ്ദുൽ മജീദ് | 300 | 200 |

പ്രസ്തുത അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 13/25-03-22 ന് മറുപടി ലഭ്യമായിട്ടില്ല.

## 1-15 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കെ.എസ്.ഇ.ബി. എന്നിവക്ക് നൽകിയ നൽകിയ മുൻകൂർ വർഷങ്ങളായി ക്രമീകരിക്കാതെ കിടക്കുന്നു

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനു നൽകിയ മുൻകൂർ 317696 രൂപയും കെ.എസ്.ഇ.ബി.ക്ക് നൽകിയ 45188 രൂപയും വർഷങ്ങളോളമായി ക്രമീകരിക്കാതെ കിടക്കുന്നു. ഈ അഡ്വാൻസ് എന്തിനാണ് നൽകിയത് എന്ന് കണ്ടെത്തി ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 4/23.3.22 ക്ക് മറുപടി ലഭ്യമായിട്ടില്ല.

## 1-16 റോഡ് കോൺക്രീറ്റിങ്ങ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഭാഗമായി ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ച് റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് DSR കോഡ് 16.42 പ്രകാരമുള്ള 7553.97/$m^3$ നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപ്പെടുന്നുണ്ട്.

എന്നാൽ പല പ്രവൃത്തികളിലും സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ചെയ്തിട്ടില്ല എന്ന് പ്രവൃത്തി ഫയലുകളോടൊപ്പം ഉള്ളടക്കം ചെയ്ത ഫോട്ടോകളിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്ക് കുറവ് ചെയ്ത് 7373.94/$m^3$ നിരക്കാണ് ഈ പ്രവൃത്തികളിൽ നൽകാവുന്നത്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | സിമന്റ് കോൺക്രീറ്റ് അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | ഇരിങ്ങാവൂർ IHDP കോളനി കുറുപ്പിൻപടി റോഡ് കോൺക്രീറ്റ് ( 110 /20)<br>ബിൽ 1/14.5.2019 തുക 362700<br>ബിൽ 30/6.9.2019 തുക 107149<br>കരാർ 43/13.11.2018<br>അളവ് പുസ്തകം 228<br>കോൺട്രാക്ടർ ശ്രീ.ഷാഹിർ.പി.വി<br>കോസ്റ്റ് ഇൻഡക്സ് 37.25% | 49.14$m^3$ | 334152<br>@6800/$m^3$<br>(9.981% ടെണ്ടർ കുറവ്)<br>DSR 16.42 പ്രകാരം നിരക്ക് 7553.97/$m^3$ | 326189<br>@6637.95/$m^3$<br>(9.981% ടെണ്ടർ കുറവ്)<br>നൽകാവുന്ന നിരക്ക്<br>7373.94/$m^3$ | 7963 |
| 2 | മായിനങ്ങാടി പുറയത്ത് പാത്‌വെ കോൺക്രീറ്റ് ( 111 /20)<br>ബിൽ 9/24.6.2019 തുക 560487<br>കരാർ 40/9.11.2018<br>അളവ് പുസ്തകം 27<br>കോൺട്രാക്ടർ ശ്രീ.ബൈജു.എ.വി<br>കോസ്റ്റ് ഇൻഡക്സ് 37.25% | 86.35$m^3$ | 551181<br>@6383.10/$m^3$<br>(15.50% ടെണ്ടർ കുറവ്)<br>DSR 16.42 പ്രകാരം നിരക്ക് 7553.97/$m^3$ | 538045<br>@6230.98/$m^3$<br>(9.981% ടെണ്ടർ കുറവ്)<br>നൽകാവുന്ന നിരക്ക്<br>7373.94/$m^3$ | 13136 |
| 3 | ആശാരിപ്പാറ പള്ളിക്കുളം ഫുട്പാത് കോൺക്രീറ്റ് ( 113/20)<br>ബിൽ 7/24.6.2019 തുക 229070<br>കരാർ 3/1.8.2018<br>അളവ് പുസ്തകം 26<br>കോൺട്രാക്ടർ ശ്രീ.ശിവരാമൻ.വി<br>കോസ്റ്റ് ഇൻഡക്സ് 37.25% | 29.56$m^3$ | 223295<br>@7553.97/$m^3$ | 217974<br>@7373.94/$m^3$ | 5321 |

| | | | | | |
|---|---|---|---|---|---|
| 4 | ഓവുങ്ങൽ സി.പി.പടി റോഡ് കോൺക്രീറ്റ് ( 150 /20)<br>ബിൽ 12/20.7.2019 തുക 387998<br>കരാർ 20/18.8.2018<br>അളവ് പുസ്തകം 180/17-18<br>കോൺട്രാക്ടർ ശ്രീ.കെ.മുസ്തഫ<br>കോസ്റ്റ് ഇൻഡക്സ് 37.25% | 50.22$m^3$ | 379360<br>@7553.97/$m^3$ | 370319<br>@7373.94/$m^3$ | 9041 |
| 5 | പന്താര ഫുട്പാത് കോൺക്രീറ്റ് ( 159/20)<br>ബിൽ 15/20.7.2019 തുക 282734<br>കരാർ 36/29.10.2018<br>അളവ് പുസ്തകം 30/18-19<br>കോൺട്രാക്ടർ ശ്രീ.കെ.മുസ്തഫ<br>കോസ്റ്റ് ഇൻഡക്സ് 37.25% | 36.55$m^3$ | 276098<br>@7553.97/$m^3$ | 269518<br>@7373.94/$m^3$ | 6580 |
| 6 | ഓവുങ്ങൽ തലാപറമ്പ് റോഡ് കോൺക്രീറ്റ് ( 139/20)<br>ബിൽ 23/27.7.2019 തുക 198325<br>കരാർ 13/16.11.2017<br>അളവ് പുസ്തകം 29<br>കോൺട്രാക്ടർ ശ്രീ.കൃഷ്ണൻകുട്ടി. എൻ<br>DSR2014കോസ്റ്റ് ഇൻഡക്സ് 40.2% | 25.26$m^3$ | 194914<br>@7716.32/$m^3$ | 190269<br>@7532.43/$m^3$ | 4645 |
| 7 | നെല്ലിക്കാട് ഹൈസ്കൂൾ റോഡ് റീ ടാറിങ് ( 157/20)<br>ബിൽ 27/6.9.2019 തുക 100000<br>ചെക്ക് 4434805/7.8.2019 തുക 143255<br>കരാർ 24/31.8.2018<br>അളവ് പുസ്തകം 232/17-18<br>കോൺട്രാക്ടർ ശ്രീ.അഭിമന്യു<br>DSR2016കോസ്റ്റ് ഇൻഡക്സ് 37.25% | 24.83$m^3$ | 187565<br>@7553.97/$m^3$ | 183095<br>@7373.94/$m^3$ | 4470 |
| 8 | പാറക്കുഴി റോഡ് ടാറിങ്, റീ ടാറിങ് കോൺക്രീറ്റ് ( 158/20)<br>ബിൽ 33/14.10.2019 തുക 544419<br>കരാർ 46/26.11.2018<br>അളവ് പുസ്തകം 61<br>കോൺട്രാക്ടർ ശ്രീ.സാജിദ് പാക്കട<br>DSR2016കോസ്റ്റ് ഇൻഡക്സ് 37.25% | 78.12$m^3$ | 531216<br>@6800/$m^3$<br>(9.981% ടെണ്ടർ കുറവ്)<br>DSR 16.42 പ്രകാരം നിരക്ക് 7553.97/$m^3$ | 518557<br>@6637.95/$m^3$<br>(9.981% ടെണ്ടർ കുറവ്)<br>നൽകാവുന്ന നിരക്ക്<br>7373.94/$m^3$ | 12659 |
| 9 | തറയിൽ മേലേപുറം റോഡ് കോൺക്രീറ്റ് ( 162/20)<br>ചെക്ക് 4434905/7.8.2019 തുക 269627<br>കരാർ 19/14.8.2018<br>അളവ് പുസ്തകം 23<br>കോൺട്രാക്ടർ ശ്രീ.പ്രദീപ് കുമാർ<br>DSR2016കോസ്റ്റ് ഇൻഡക്സ് 37.25% | 34.84$m^3$ | 263180<br>@7553.97/$m^3$ | 256908<br>@7373.94/$m^3$ | 6272 |
| 10 | ഒലിയിൽ പി.എച്ച് റോഡ് കോൺക്രീറ്റ് ( 148/20)<br>ചെക്ക് 4434905/7.8.2019 തുക 219536<br>കരാർ 11/1.8.2018<br>അളവ് പുസ്തകം 169/17-18 | 28.319$m^3$ | 213921<br>@7553.97/$m^3$ | 208823<br>@7373.94/$m^3$ | 5098 |

| | | | | | |
|---|---|---|---|---|---|
| | കോൺട്രാക്ടർ ശ്രീ.ഷാഹിർ.പി.വി<br>DSR2016കോസ്റ്റ് ഇൻഡക്സ് 37.25% | | | | |
| 11 | മാപ്പിളപറമ്പ് കല്ലുടക്കൽ തലപ്പറമ്പ് റോഡ് കോൺക്രീറ്റ് ( 152/20)<br>ചെക്ക് 4434901/25.7.2019 തുക 319559<br>കരാർ 4/1.8.2018<br>അളവ് പുസ്തകം 198/17-18<br>കോൺട്രാക്ടർ ശ്രീ.ടി.കെ കുഞ്ഞഹമ്മദ്കുട്ടി<br>DSR2016കോസ്റ്റ് ഇൻഡക്സ് 37.25% | 41.34m$^3$ | 312281<br>@7553.97/m$^3$ | 304839<br>@7373.94/m$^3$ | 7442 |
| 12 | പറപ്പൂത്തടം പോസ്റ്റോഫീസ് റോഡ് റീ ടാറിങ്, കോൺക്രീറ്റിങ് (181/20)<br>ബിൽ 38/25.2.2020 തുക 220603<br>കരാർ 23/10.12.2019 (26.5% ടെണ്ടർ കുറവ്)<br>അളവ് പുസ്തകം 33<br>കോൺട്രാക്ടർ ശ്രീ.ഒ.സി ബഷീർ<br>DSR2016കോസ്റ്റ് ഇൻഡക്സ് 31.06% | 36.24m$^3$ | 261409<br>@7213.28/m$^3$ | 254885<br>@7033.25/m$^3$ | 4795<br>6524*26.5% കുറവ്) |
| 13 | പാലക്കൽ ഇടവഴി കോൺക്രീറ്റിങ് (161/20)<br>ബിൽ 40/25.2.2020 തുക 214321<br>കരാർ 26/4.9.2018 (14.1% ടെണ്ടർ കുറവ്) അളവ് പുസ്തകം 37<br>കോൺട്രാക്ടർ ശ്രീ.ടി.കെ കുഞ്ഞഹമ്മദ്കുട്ടി<br>DSR2016കോസ്റ്റ് ഇൻഡക്സ് 37.25% | 32.48m$^3$ | 245353<br>@7553.97/m$^3$ | 239506<br>@7373.94/m$^3$ | 5023 (5847-14.1% ടെണ്ടർ കുറവിന് ശേഷം) |
| | ആകെ | | | | 92445 |

ഓഡിറ്റ് എൻക്വയറി 5 /2020-21/24.3.2022 നൽകിയതിന് – ഷട്ടറിങ് ചെയ്യാത്തിട്ടില്ലാത്ത പ്രവൃത്തികളിൽ ഷട്ടറിങ് തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഉടർ നടപടി വിവരം ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-17 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ മുഴുവൻ ഈടാക്കാതെയാണ് ബിൽ തുക കരാറുകാർക്ക് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

എന്നാൽ ഇപ്രകാരം കരാറുകാർ അപേക്ഷ സമർപ്പിക്കുകയോ, ഭരണ സമിതി പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചുവടെ കാണിച്ച പ്രകാരം പിഴ തുക കരാറുകാരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | നെല്ലിക്കാട് പാറപ്പുറം റോഡ് പുനരുദ്ധാരണം ( 119/20) ബിൽ 4/14.5.2019 തുക 443520<br>കരാർ 5/7.11.2017 (7.6% കുറവ്)<br>അളവ് പുസ്തകം 218. കോൺട്രാക്ടർ ശ്രീ.അഭിമന്യു<br>DSR2014കോസ്റ്റ് ഇൻഡക്സ് 40.2%<br>പൂർത്തീകരണ കാലാവധി 5 മാസം<br>പൂർത്തീകരിക്കേണ്ട തീയ്യതി 6.4.2018<br>പൂർത്തീകരിച്ച തീയ്യതി 22.2.2019 | 7.4.2018-6.7.2018 (1%) 4435<br>7.7.18-6.10.2018 (2%) 8870<br>7.10.18-6.1.2019 (2%) 8870<br>7.1.19-21.2.19 (2%) 4534<br>ആകെ 26709 |
| 2 | മൂസക്കുട്ടി ഹാജി AMLP സ്കൂൾ റോഡ് റീ ടാറിങ് (147/20) ബിൽ 16/20.7.2019 തുക 35000<br>ചെക്ക് 4434902/25.7.2019 തുക 360805<br>-------------<br>ആകെ 395805 | 1.2.2019-30.4.2019 (1%) 3958<br>1.5.19-.26.5.2019 (2%) 2287 |

| | | |
|---|---|---|
| | കരാർ 12/1.8.2018. അളവ് പുസ്തകം 238/17-18<br>കോൺട്രാക്ടർ ശ്രീ. ഷാഹിർ.പി.വി<br>DSR 2016കോസ്റ്റ് ഇൻഡക്സ് 37.25%<br>പൂർത്തീകരണ കാലാവധി 6 മാസം<br>പൂർത്തീകരിക്കേണ്ട തീയ്യതി 31.1.2019<br>പൂർത്തീകരിച്ച തീയ്യതി 27.5.2019 | ആകെ 6245 |
| 3 | ഹാജി ബസാർ കുഞ്ഞുറുക്ക് റോഡിന് അഴുക്ക് ചാൽ നിർമ്മാണം (135/20)<br>ബിൽ 20/20.7.2019 തുക 143934<br>കരാർ 15/20.11.2017. അളവ് പുസ്തകം 195/17-18<br>കോൺട്രാക്ടർ ശ്രീ.ഷാഹിർ. പി.വി<br>DSR 2014കോസ്റ്റ് ഇൻഡക്സ് 40.2%<br>പൂർത്തീകരണ കാലാവധി 4മാസം<br>പൂർത്തീകരിക്കേണ്ട തീയ്യതി 19.3.2018<br>പൂർത്തീകരിച്ച തീയ്യതി 29.1.2019 | 20.3.2018-19.6.2018 (1%) 1439<br>20.6.18-19.9.2018 (2%) 2878<br>20.9.18-19.12.2018 (2%) 2878<br>20.12.18-28.1.19 (2%) 1279<br>ആകെ 8474 |
| 4 | ഓവുങ്ങൽ തലാപറമ്പ് റോഡ് കോൺക്രീറ്റ് ( 139/20) . ബിൽ 23/27.7.2019 തുക 198325<br>കരാർ 13/16.11.2017. അളവ് പുസ്തകം 29<br>കോൺട്രാക്ടർ ശ്രീ.കൃഷ്ണൻകുട്ടി. എൻ<br>DSR2014കോസ്റ്റ് ഇൻഡക്സ് 40.2%<br>പൂർത്തീകരണ കാലാവധി 4മാസം<br>പൂർത്തീകരിക്കേണ്ട തീയ്യതി 15.3.2018<br>പൂർത്തീകരിച്ച തീയ്യതി 25.3.2019 | 16.3.2018-15.6.2018 (1%) 1938<br>16.6.18-.15.9.2018 (2%) 3876<br>16.9.18-15.12.2018 (2%) 3876<br>16.12.18-15.3.19 (2%) 3876<br>16.3.19-24.3.19 (2%) 388<br>ആകെ 13954 |
| 5 | ലിവാഹുൽ മദ്രസ്സ റാഹത്ത് നഗർ റോഡ് റീ ടാറിങ് (144/20). ബിൽ 22/27.7.2019 തുക 299708<br>കരാർ 38/31.3.2018. അളവ് പുസ്തകം 211/17-18<br>കോൺട്രാക്ടർ ശ്രീ.സി.ഐ.മുഹമ്മദ്<br>DSR2016കോസ്റ്റ് ഇൻഡക്സ് 37.25%<br>പൂർത്തീകരണ കാലാവധി 6മാസം<br>പൂർത്തീകരിക്കേണ്ട തീയ്യതി 30.9.2018<br>പൂർത്തീകരിച്ച തീയ്യതി 15.2.2019 | 1.10.2018-31.12.2018 (1%) 2997<br>1.1.19-.14.2.2019 (2%) 2997<br>ആകെ 5994 |
| 6 | പാലക്കൽ ഇടവഴി കോൺക്രീറ്റിങ് (161/20)<br>ബിൽ 40/25.2.2020 തുക 214321<br>കരാർ 26/4.9.2018 (14.1% ടെണ്ടർ കുറവ്)<br>അളവ് പുസ്തകം 37<br>കോൺട്രാക്ടർ ശ്രീ.ടി.കെ കുഞ്ഞഹമ്മദ്കുട്ടി<br>DSR2016 കോസ്റ്റ് ഇൻഡക്സ് 37.25%<br>പൂർത്തീകരണ കാലാവധി 6 മാസം<br>പൂർത്തീകരിക്കേണ്ട തീയ്യതി 3.3.2019<br>പൂർത്തീകരിച്ച തീയ്യതി 23.12.2019 | 4.3.2019-3.6.2019 (1%) 2143<br>4.6.19-.3.9.2019 (2%) 4286<br>4.9.19-3.12.2019 (2%) 4286<br>4.12.19-22.12.19 (2%) 905<br>ആകെ 11620 |
| 7 | പൂള ഇടവഴി പാത്‌വെ കോൺക്രീറ്റ്<br>ബിൽ 41/16.3.2020 തുക 98349<br>കരാർ 6/1.8.2018 അളവ് പുസ്തകം 35<br>കോൺട്രാക്ടർ ശ്രീ.അർജ്ജുനൻ.എം<br>DSR2016കോസ്റ്റ് ഇൻഡക്സ് 37.25%<br>പൂർത്തീകരണ കാലാവധി 6 മാസം<br>പൂർത്തീകരിക്കേണ്ട തീയ്യതി 28.2.2019<br>പൂർത്തീകരിച്ച തീയ്യതി 18.11.2019 | 1.3.2019-31.5.2019 (1%) 983<br>1.6.19-.31.8.2019 (2%) 1966<br>1.9.19-17.11.2019 (2%) 1704<br>ആകെ 4653 |
| | ആകെ | 77649 |

ഓഡിറ്റ് എൻക്വയറി 6 /2020-21/24.3.2022 നൽകിയതിന് – കോവിഡ് 19 രോഗ വ്യാപനവും തുടർന്നുള്ള ലോക്ഡൗണും കാരണമാണ് പ്രവൃത്തികൾ വൈകിയത് എന്ന് മറുപടി ലഭ്യമാക്കി. ലോക് ഡൗൺ നിയന്ത്രണം മാർച്ച് അവസാന വാരത്തിൽ ആണ് സർക്കാർ പ്രഖ്യാപിച്ചത്. ലോക് ഡൗൺ നിയന്ത്രണം ആരംഭിക്കുന്നതിനും മാസങ്ങൾ മുമ്പ് പൂർത്തീകരിക്കേണ്ടവ ആയിരുന്നു ഇവയിൽ മിക്ക പദ്ധതികളും. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.
ക്രമ നമ്പർ 1,3,4 എന്നിവ 2017-18 ലും മറ്റുള്ളവ 2018-19 ലും പൂർത്തീകരിക്കേണ്ടവയായിരുന്നു. ഇവ യഥാസമയം പൂർത്തീകരിക്കാത്തതിനാൽ പദ്ധതികൾക്ക് വകയിരുത്തിയ തുക ലാപ്സായി.
ആയതിനാൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-18 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം -കലക്ഷൻ ചാർജ് ഈടാക്കിയില്ല

IV.1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 92 പദ്ധതികൾ തയ്യാറാക്കിയതിൽ 54 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. 17 പ്രവൃത്തികൾ പൂർത്തിയാക്കി ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും ക്യൂ ബിൽ ആയതിനാൽ തൊട്ടുത്ത സാമ്പത്തിക വർഷത്തിലാണ് ബില്ലുകൾ മാറിയത്. 47പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 3 പദ്ധതികൾ ഈ വർഷം നടപ്പിലാക്കുകയുണ്ടായില്ല. സ്പിൽ ഓവർ പദ്ധതികൾ അതാത് വർഷം പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കാൻ ഗ്രാമ പഞ്ചായത്തിനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 92 | ആകെ അടങ്കൽ | 27488174 |
| നടപ്പിലാക്കിയത് | 54 | ചെലവ് | 15954069 |
| ശതമാനം | 58.70% | ചെലവ് ശതമാനം | 58.04% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

III. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല .

2019-20 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം ഉൾപെടുത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളെല്ലാം അന്യാധീനപ്പെടാതെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

IV. പ്രവൃത്തി പൂർത്തീകരിച്ചാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച പൊതുമരാമത്ത് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 അനുപൂരക പോഷകാഹാരം-ജി.എസ്.ടി-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ പേരും നമ്പറും | അങ്കണവാടി അനുപൂരക പോഷകഹാരം (8/19-20) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 3500000/- |
| ചെലവ് | 1500000വികസന ഫണ്ട്)<br>1790877(തനത് ഫണ്ട്) |

| | |
|---|---|
| | 3290877<br>========= |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാരം പദ്ധതി പ്രകാരം രാഗശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്, കുരിയാട്, വേങ്ങര എന്ന സ്ഥാപനത്തിൽ നിന്നും താഴെപ്പറയുന്ന പട്ടിക പ്രകാരം 1451142/-രൂപയുടെ പോഷകാഹാരം 1 കി.ഗ്രാം അമൃതം ഫുഡ് 70/-രൂപ പ്രകാരവും സബല പൊടി 86/-രൂപ നിരക്കിലും വാങ്ങി വിവിധ അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 250000 രൂപയിൽ അധികരിക്കുമ്പോൾ ജി എസ് ടി - ടിഡിഎസ് ആയി നികുതി കുറച്ചുള്ള തുകയിൽ നിന്നും 2% പിടിക്കേണ്ടതാണ്. (2017-ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്.) എന്നാൽ പേയ്മെന്റ് നൽകിയപ്പോൾ ജി എസ് ടി- ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| Invoice No,and Date | Kg. | Rate | Cost Of Nutrimix | Trans. Charge | Total | CGST | SGST | Total Amount | Bill No./ Cheque No. |
|---|---|---|---|---|---|---|---|---|---|
| 148/18.07.19 | 484 | 86 | 41624 | 242 | 41866 | 1046 | 1046 | 43958 | 125752/- Sl.No.7-7/19-20 16.08.19 |
| 147/18.07.19 | 1105 | 70 | 77350 | 552 | 77902 | 1946 | 1946 | 81794 | |
| | | | | | | | | | |
| 122/06.04.19 | 1410 | 70 | 98700 | 705 | 99405 | 2485 | 2485 | 104375 | 324715/- Sl.No.3-3/19-20 /12.07.19 |
| 130/21.09.19 | 1250 | 70 | 87500 | 625 | 88125 | 2202.50 | 2202.50 | 92530 | |
| 138/24.06.19 | 1080 | 70 | 75600 | 540 | 76140 | 1903.50 | 1903. 50 | 79947 | |
| 139/24.06.19 | 527 | 86 | 45322 | 263 | 45585 | 1139 | 1139 | 47863 | |
| 57/05.08.19 | 394 | 86 | 33884 | 197 | 34081 | 847 | 847 | 35783 | 119059/- Sl.12-12/ 31.08.19 |
| 56/05.08.19 | 1125 | 70 | 78750 | 562 | 79312 | 1982 | 1982 | 83276 | |
| 65/06.09.19 | 1110 | 70 | 77700 | 555 | 78255 | 1955 | 1955 | 82165 | 102443/- Sl.No.1-/77/ 30.09.19 (1662/-രൂപ മറ്റു ചെലവ്) |
| 64/06.09.19 | 205 | 86 | 17630 | 102 | 17732 | 442 | 442 | 18616 | |
| 79/11.11.19 | 1485 | 70 | 103950 | 742 | 104692 | 2616 | 2616 | 109924 | 135806/- Sl.No.24-107/ 26.11.19 |
| 80/11.11.19 | 285 | 86 | 24510 | 142 | 24652 | 615 | 615 | 25882 | |
| 71/09.10.19 | 250 | 86 | 21500 | 125 | 21625 | 537 | 537 | 22699 | 123000/- Sl.No.22-97/ 11.11.19 |
| 70/09.10.19 | 1355 | 70 | 94850 | 677 | 95527 | 2387 | 2387 | 100301 | |
| 161/30.03.20 | 1500 | 70 | 105000 | 750 | 105750 | 2625 | 2625 | 111000 | 111000/- Che.No. 774298/ 31.03.20 |
| 159/Nil | 1810 | 70 | 126700 | 905 | 127605 | 3167 | 3167 | 133939 | 133939/- Che.No.672556/ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | 30.03.20 |
| 99/06.02.20 | 1250 | 70 | 87500 | 625 | 88125 | 2202 | 2202 | 92529 | 92529/-<br>Che.No.672522/<br>02.03.20 |
| 95/16.01.20 | 1670 | 70 | 116900 | 835 | 117735 | 2942 | 2942 | 123612 | 123619/-<br>Che.No.553307/<br>25.02.20 |
| 88/12.12.19 | 277 | 86 | 23822 | 138 | 23960 | 598 | 598 | 25156 | 143964/-<br>Cheque<br>No.ലഭ്യമല്ല |
| 87/12.12.19 | 1605 | 70 | 112350 | 802 | 113152 | 2828 | 2828 | 118808 | |
| ആകെ | | | 1451142 | | | | | | |

ജി എസ് ടി- ടിഡിഎസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 14/26.03.2022 )മറുപടി ലഭ്യമാക്കിയിട്ടില്ല. പോഷകാഹാരത്തിന്റെ വിലയോടൊപ്പം ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ചേർത്ത തുകയാണ് സി.ജി.എസ്.ടി., എസ്.ജി.എസ്.ടി. കണക്കാക്കുന്നതിന് പരിഗണിച്ചിരുന്നത്. ആയതിനാൽ സ്ഥാപനത്തിന് അധികം തുക അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച തുക കണക്കാക്കേണ്ടതും സ്ഥാപനം അധികം കൈപ്പറ്റിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 ആദ്യ ഗഡു തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | ലൈഫ് മിഷൻ ഹൗസിംഗ് സ്കീം (25/2019-20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| അടങ്കൽ | 4800000/- |
| ചെലവ് | 811995/-(വികസന ഫണ്ട്-ജനറൽ) |

ശ്രീമതി നസ്രത്ത് നിസാർ, കീരിയാട്ടിൽ വീട്, ചെനപ്പുറം എന്ന ഭൂരഹിത ഗുണഭോക്താവിന് ഭൂമി വാങ്ങാൻ 147497/-രൂപയും (₹.110565/- ബിൽ നം. 18/19-20/16.03.20 , ₹.36932/- ബിൽ നം. 22/19-20/27.03.20) ഭവന നിർമ്മാണത്തിന് ആദ്യ ഗഡുവായി ₹.40000/-രൂപയും (ബിൽ നം. 24/19-20/27.03.20) ധനസഹായമായി നല്കിയിട്ടുണ്ട്. ആകെ 187497/-രൂപ. മേൽ ഗുണഭോക്താവ് ആദ്യ ഗഡു കൈപ്പറ്റിയതിനു ശേഷം ഭവന നിർമ്മാണം ആരംഭിച്ചതായോ തുടർന്നുള്ള ധനസഹായം സ്വീകരിച്ചതായോ ഫയലിൽ നിന്നും ലഭ്യമല്ല. ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.7/24.03.2022 ) 31.03.2022ന് വി.ഇ.ഒ. ലഭ്യമാക്കിയ മറുപടിയിൽ ഭവന നിർമ്മാണം ഉടൻ ആരംഭിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല.

2016-17 ന മുമ്പ് ലഭ്യമായതും നിലവിൽ ഡെപ്പോസിറ്റ് ഹെഡിൽതന്നെ സൂക്ഷിച്ചിട്ടുള്ളതുമായ തുകകളുടെ വിശദവിവരങ്ങൾ പ്രകാരം താഴെ പറയുന്ന ഇനം ഡെപ്പോസിറ്റുകളിൽ 2016-17 ന മുമ്പ് ലഭിച്ച ഡെപ്പോസിറ്റുകൾ തിരിച്ച് നൽകുകയോ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്യാതെ ഡെപ്പോസിറ്റ് ഹെഡിൽതന്നെ സൂക്ഷിച്ചിട്ടുണ്ട്.

| ഇനം | വാർഷികക്കണക്ക് പ്രകാരം ഡെപ്പോസിറ്റ് ബാലൻസ് | 2016-17 നം മുമ്പ് ലഭ്യമായ ഡെപ്പോസിറ്റ് |
|---|---|---|

| | | |
|---|---|---|
| കോൺട്രാക്ടേഴ്സ് ഇഎംഡി | 347065 | 347065 |
| സപ്ലയേഴ്സ് ഇഎംഡി | 54712 | 39375 |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 18250 | 18150 |
| സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 41462 | 13125 |

2016-17 ന മുമ്പ് ലഭ്യമായതും നിലവിൽ ഡെപ്പോസിറ്റ് ഹെഡിൽതന്നെ സൂക്ഷിച്ചിട്ടുള്ളതുമായ തുകകളുടെ വിശദ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഈ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതിരിക്കാൻ പ്രത്യേക കാരണമില്ലെങ്കിൽ ആയവ മുതൽ കൂട്ടേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 15/26.3.22 നൽകി. മറുപടി ലഭ്യമായിട്ടില്ല.)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ തിയ്യതി |
|---|---|---|
| 2019 | 21.03.2022 മുതൽ 31.03.2022 | 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് നമ്പറും തിയ്യതിയും |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേരും നമ്പറും | ചെലവഴിച്ച തുക (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|
| താനൂർ ബ്ലോക്ക് പഞ്ചായത്ത് | 1130000 | ലൈഫ് മിഷൻ ഹൗസിംഗ് സ്കീം (പ്രോജക്ട് നം. 25) | 00 | 1130000 |
| | 170000 | നെൽകൃഷി വികസനം (പ്രൊജക്ട് നം. 13) | 170000 | 00 |
| | 350000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 9) | 350000 | 00 |
| ആകെ | 1650000 | | 520000 | 1130000 |
| ജില്ലാ പഞ്ചായത്ത് | 00 | 00 | 00 | 00 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ബിൽ നം./ചെക്ക് നം./തിയ്യതി | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവർത്തികളൊന്നും നിർവ്വഹിച്ചിട്ടില്ല | | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | ലഭ്യമല്ല | ഇല്ല | 716350 | 176471 | | 539879 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6100 |
| തൻവർഷം നിക്ഷേപിച്ച തുക | 00 |
| ആകെ | 6100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 6100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പറും തിയ്യതിയും |
|---|---|---|
| മലപ്പുറം ഡിസ്ട്രിക്ട് പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 5000 | ഷെയർ സർട്ടിഫിക്കറ്റ് നം. 359/29.08.2001 |
| മലപ്പുറം കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 1100 | ഷെയർ സർട്ടിഫിക്കറ്റ് നം. 13/27.07.1977 |
| ആകെ | 6100 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പറും തിയ്യതിയും |
|---|---|---|---|---|
| 1996-97 | 1-46 | 686 | ശ്രീ. രഘുനാഥൻ | വൗച്ചർ നം.119070103112/19-11-19 |
| 1996-97 | 1-47 | 300 | ശ്രീ. രഘുനാഥൻ | വൗച്ചർ നം.119070103113/19-11-19 |
| 1996-97 | 1-44 | 144 | ശ്രീ. രഘുനാഥൻ | വൗച്ചർ നം.119070103114/19-11-19 |
| 2001-02 | 2(1) | 76 | ലഭ്യമല്ല | വൗച്ചർ നം.119070100586/25-05-2019 |
| 2004-05 | 2(2) | 167 | ലഭ്യമല്ല | വൗച്ചർ നം.119070100587/25-05-2019 |
| 1998-99 | 1-25 | 120 | | വൗച്ചർ നം.119070100787/13-06-2019 |
| | | 1493 | | |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ലഡ്ജർ പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്.

## 4-8 .സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33, 34, 35, 36 | 2003-04 | മറ്റ് പരാമർശങ്ങൾ | റോഡ് പുനരുദ്ധാരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2009-10 10-11 | 3(19) | 2013-14 | ലഘു അവലോകനം | | |
| 2014-15 | 2(1), 2(2) | 2016-17 | | വസ്തു നികുതി, തൊഴിൽ നികുതി | |

## 4-9 ചാർജ് നടപടി വഴി ഈടാക്കിയ തുക

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1996-97 | 44 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 143.75 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 143.75 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 45 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 4453 | 202/- 46208/9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 202 | 4251 | |
| | | 46 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 1422 | 247/- 46208/9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 247 | 1175 | |
| | | 47 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 1820 | 300/- 46280/94 19.08.05 | ഇല്ല | ഇല്ല | ഇല്ല | 300 | 1520 | |
| | | 53 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 2015 | 29/- 47529/63 9.08.06 | ഇല്ല | ഇല്ല | ഇല്ല | 29 | 1986 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 54166472.14 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46466019.14 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | |
|---|---|---|

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.15/444/98 /7.10.2010 | 5 | |
| 1997-98 | എൽ.എഫ്.എം.15/622/02 /7.10.2010 | 16 | |
| 1998-99 | എൽ.എഫ്.എം.15/740/04 /7.10.2010 | 33 | |
| 1999-00 | എൽ.എഫ്.എം.8/850/04/7.10.2010 | 19 | |
| 2000-01 | എൽ.എഫ്.എം.15/894/04/ 7.10.2010 | 27 | |
| 2001-02(വരവ്) | എൽ.എഫ്.എം.15/1489/08/7.10.2010 | 13 | |
| 2001-02 (ചെലവ്) | എൽ.എഫ്.എം.11/1489/08/7.10.2010 | 2 | |
| 2002-03 | എൽ.എഫ്.എം.15/140/08/7.10.2010 | 8 | |
| 2003-04 | എൽ.എഫ്.എം.11/141/08/ 7.10.2010 | 11 | |
| 2004-05 | എൽ.എഫ്.എം.11/409/09/ 22.10.2011 | 11 | |
| 2005-06 | എൽ.എഫ്.എം.11/100/10/ 20.8.2010 | 9 | |
| 2006-07 | എൽ.എഫ്.എം.11/101/10/ 20.8.2010 | 11 | |
| 2007-08 | എൽ.എഫ്.എം.15/478/11/ 11.07.2011 | 22 | |
| 2008-09 | എൽ.എഫ്.എം.15/1179/11/06.08.2011 | 27 | |
| 2009-2010, 2010-2011 | എൽ.എഫ്.എം.15/1480/13/13.12.2013 | 26 | |
| 2011-13 | കെ. എസ്. എ. എം. പി. എം.15/94/2016/ 02.03.2016 | 9 | |
| 2013-14, 2014-15 | കെ.എസ്.എ. എം. പി.എം.15/2013/2016/ 3.8.2016 | 8 | |
| 2015-16 | കെ.എസ്.എ.എം.പി.എം.15/3400 / 2016/ 25.01.2017 | 12 | |
| 2016-17 | കെ.എസ്.എ.എം.പി.എം.15/2034 / 2017/ 19.07.2018 | 17 | |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.എം.പി.എം.15/274 / 2019/ 1.06.2019 | 15 | |
| 2018-19 | കെ.എസ്.എ.എം.പി.എം.15/2860 / 2019/ 05-12-2019 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

എം.എ.5/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്